# പരദൂഷണം പാപം

[ മലയാളം – Malayalam – مليالم ]


തയ്യാറാക്കിയത്:

കബീര്‍ എം. പറളി



2012 - 1433

IslamHouse.com

# آفات اللسان وضرر الغيبة والنميمة

« باللغة الماليبارية »

إعداد: محمد كبير

2012 - 1433

IslamHouse.com

بِسْمِ اللّٰهِ الرَّحْمَـٰنِ الرَّحِيمِ

സഹോദരിമാരെ, അല്ലാഹുവിനെ ഭയന്നും അവനെ യഥാവിധി അ നുസരിച്ചും ജീവിക്കേണ്ട അടിയാത്തികളാണ് നാമെല്ലാം. പരലോക ത്ത് സ്വർഗം നേടുക എന്നത് നമ്മുടെ ഓരോരുത്തരുടേയും ലക്ഷ്യമാ ണ്.അതിന് നാം ചെയ്യേണ്ടത് നമ്മുടെ ജീവിതത്തെ ഖുർആനിന്റേയും സുന്നത്തിന്റേയും അടിസ്ഥാനത്തിൽ ചിട്ടപ്പെടുത്തുക എന്നതാണ്. ന ല്ല വിശ്വാസങ്ങളും നല്ല ആരാധനകളും നമുക്ക് പഠിപ്പിച്ചു തന്ന ഇസ് ലാം നല്ല സ്വഭാവങ്ങളും പെരുമാറ്റ രീതികളും നമ്മെ പഠിപ്പിച്ചിട്ടുണ്ട്. വിശ്വാസ–കർമ്മ രംഗങ്ങളിൽ മാത്രമായിരുന്നില്ല ജാഹിലിയ്യാ കാല ത്തെ ആണുങ്ങളും പെണ്ണുങ്ങളും മോശമായിരുന്നത്.ഒരാൾക്കും സ്വീ കരിക്കാൻ കൊള്ളാത്ത ജീർണ്ണിച്ച സ്വഭാവങ്ങളും പെരുമാറ്റങ്ങളുമാ യിരുന്നു അവരുടേത്. പ്രവാചകൻ(ﷺ) ഇസ്‌ലാമിക നിയമങ്ങളും ചിട്ട കളും അവരെ പഠിപ്പിച്ചപ്പോൾ  അവരുടെ ജീവിതത്തിൽ ഉണ്ടായ മാ തൃകാപരമായ മാറ്റം ഇസ്‌ലാമിന്റെ ചരിത്രം പഠിച്ച നമുക്ക് അറിയാം.

മനുഷ്യൻ സാമൂഹ്യജീവിയാണ്.വ്യക്തികളും വ്യക്തികളും തമ്മിൽ പരസ്പരം ബന്ധപ്പെടാതെ ദുനിയാവിൽ ആർക്കും ജീവിക്കാനാകില്ല. കെട്ടുറപ്പുള്ള ഒരു സാമൂഹ്യ വ്യവസ്ഥിതി നിലനിൽക്കാൻ വ്യക്തികൾ പരസ്പര സ്നേഹത്തിലും വിശ്വാസത്തിലും ജീവിക്കണം.നമ്മൾ വള രെ കൂടുതൽ കേട്ടിട്ടുള്ള സംഭവമാണ് മദീനയിലെ ഔസ് ഖസ്റജ് ഗോത്രങ്ങളുടെ പരസ്പര ശത്രുതയും യുദ്ധവുമെല്ലാം.ഇസ്‌ലാം എത്ര പെട്ടെന്നാണ് അവരെ ഐക്യപ്പെടുത്തിയതും,അവരിൽ

സാഹോദര്യം വളർത്തിയതും! ഖുർആൻ അക്കാര്യം ഇങ്ങനെയുണർത്തുന്നു:

‘‘നിങ്ങളുടെ മേലുള്ള അല്ലാഹുവിന്റെ അനുഗ്രഹത്തെ നിങ്ങൾ ഓ ർക്കുക. നിങ്ങൾ പരസ്പരം ശത്രുക്കളായിരുന്നു എന്നിട്ട് നിങ്ങളുടെ ഹൃദയങ്ങൾക്കിടയിൽ അവൻ ഇണക്കമുണ്ടാക്കി. അങ്ങനെ അവന്റെ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായിത്തീർന്നു.’’ (ആലു ഇം റാൻ: 103)

وَاذْكُرُواْ نِعْمَةَ اللّهِ عَلَيْكُمْ إِذْ كُنتُمْ أَعْدَاء فَأَلَّفَ بَيْنَ قُلُوبِكُمْ فَأَصْبَحْتُم بِنِعْمَتِهِ (آل عمران/١٠٣)

സഹോദരിമാരേ, സാഹോദര്യത്തിനും ഐക്യത്തിനും ഇസ്‌ലാം ക ൽപിക്കുന്ന വില അമൂല്യമാണ് എന്നത്രെ ഇതിൽ നിന്നും നാം മനസ്സി ലാക്കുന്നത്. ഹൃദയമിണങ്ങിക്കഴിയാൻ വിശ്വാസികൾക്കാകുന്നത് അ ല്ലാഹുവിന്റെ അനുഗ്രഹം മൂലമാണ് എന്നും നാം തിരിച്ചറിയുന്നു.മുസ് ലിംകളെല്ലാവരും സഹോദരങ്ങളാണെന്നും അവർക്കിടയിൽ എപ്പോഴും നന്മയുണ്ടാക്കാൻ ശ്രമിക്കണമെന്നും ഖുർആൻ ആവശ്യപ്പെടുന്നുണ്ട്.

‘‘തീർച്ചയായും വിശ്വാസികൾ സഹോദരങ്ങളാകുന്നു. അതിനാൽ നിങ്ങൾ അവർക്കിടയിൽ സന്ധിയുണ്ടാക്കുക.’’ (ഹുജുറാത്ത്: 10) അ ഥവാ അവർക്കിടയിൽ നന്മയുണ്ടാക്കുക എന്നർഥം.

إِنَّمَا الْمُؤْمِنُونَ إِخْوَةٌ فَأَصْلِحُوا بَيْنَ أَخَوَيْكُمْ وَاتَّقُوا اللَّهَ لَعَلَّكُمْ تُرْحَمُونَ (الحجرات/١٠)

സഹോദരിമാരേ, ജീവിതത്തെ ധന്യമാക്കുന്ന സൽഗുണങ്ങൾ മുഴു വൻ ഇസ്ലാം നമുക്ക് നൽകിയിട്ടുണ്ട്. നബി(ﷺ) വന്നതു തന്നെ അ ത്തരം സൽ ഗുണങ്ങളുടെ പൂർത്തീകരണത്തിനു വേണ്ടിയായിരുന്നു വല്ലൊ? പ്രവാചകൻ(ﷺ) തന്നെ അത് വ്യക്തമാക്കിയതാണ്.സ്വഹാബി കളുടേയും സ്വഹാബീ വനിതകളുടേയും ജീവിതം പരിശോധിച്ചാൽ പ്രവാചക തിരുമേനി പറഞ്ഞത് നൂറു ശതമാനവും ശരിയാണ് എന്ന് കാണാൻ സാധിക്കും.

നമുക്കിടയിലെ സ്നേഹവും സാഹോദര്യവും ഐക്യവുമൊക്കെ തകർക്കുന്ന ദുസ്വഭാവങ്ങൾ നമ്മളിൽ തന്നെ കാണാൻ സാധിക്കും. നമുക്കിടയിൽ പരസ്പരം ശത്രുത വളരാൻ ശപിക്കപ്പെട്ട പിശാച് തോ ന്നിപ്പിക്കുന്ന ദുസ്വഭാവമാണ് ഗീബത്ത് അഥവാ പരദൂഷണം.ഇസ്ലാം ഏറെ വെറുക്കുന്ന സംഗതിയാണത്. സാധാരണയായി പരദൂഷണം പെണ്ണുങ്ങളോട് ചേർത്താണ് പറയപ്പെടാറ്. കൂടുതൽ ഒഴിവ് സമയം അവർക്ക് കിട്ടുന്നത് കൊണ്ട് അവരാണ് കൂടുതൽ ഒരുമിച്ചിരുന്ന് സം സാരിക്കാറ്. അത് കൊണ്ടായിരിക്കും പരദൂഷണം അവരിലേക്ക് ചേർ ത്ത് പറയപ്പെടുന്നത്.സത്യത്തിൽ ആൺ–പെൺ വ്യത്യാസമില്ലാതെ എ ല്ലാവരിലും കാണപ്പെടുന്ന ദുഷിച്ച സ്വഭാവമാണ് പരദൂഷണം.

സൂറത്തു ഹുജുറാത്തിലെ പന്ത്രണ്ടാം ആയത്തിന്റെ സാരം ഈ വി ഷയത്തിൽ വളരെ സുപ്രധാനമാണ്. അല്ലാഹു പറയുന്നു:

يَا أَيُّهَا الَّذِينَ آمَنُوا اجْتَنِبُوا كَثِيرًا مِّنَ الظَّنِّ إِنَّ بَعْضَ الظَّنِّ إِثْمٌ وَلَا تَجَسَّسُوا وَلَا يَغْتَب بَّعْضُكُم بَعْضًا أَيُحِبُّ أَحَدُكُمْ أَن يَأْكُلَ لَحْمَ أَخِيهِ مَيْتًا فَكَرِهْتُمُوهُ وَاتَّقُوا اللَّهَ إِنَّ اللَّهَ تَوَّابٌ رَّحِيمٌ (الحجرات/١٢)

‘‘നിങ്ങളിൽ ചിലർ ചിലരെപ്പറ്റി അവരുടെ അഭാവത്തിൽ ദുഷിച്ചു പറ യുകയും അരുത്. തന്റെ സഹോദരൻ മരിച്ചുകിടക്കുമ്പോൾ അവന്റെ മാംസം ഭക്ഷിക്കുവാൻ നിങ്ങളാരെങ്കിലും ഇഷ്ടപ്പെടുമോ? എന്നാൽ അത് (ശവം തിന്നുന്നത്) നിങ്ങൾ വെറുക്കുകയാണു ചെയ്യുന്നത്. അ ല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക.തീർച്ചയായും അല്ലാഹു പശ്ചാത്താ പം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു.’’ (ഹുജുറാത്ത്:12)

സഹോദരിമാരേ, ആരും സൽസ്വഭാവങ്ങളിൽ പൂർണ്ണതയുള്ളവരല്ല. എല്ലാവരിലും കാണും അപാകതകൾ. സഹോദരങ്ങളുടെ തെറ്റു കുറ്റ ങ്ങൾ കണ്ടുപിടിക്കുന്നതിലും,അവ പൊതു ജനസമക്ഷം പ്രചരിപ്പിക്കു ന്നതിലും നമ്മളൊരിക്കലും ശ്രദ്ധയൂന്നരുത്.അത് ചപ്പുചവറുകളും മാ ലിന്യങ്ങളും മാത്രം തോണ്ടിയിടുന്ന കാക്കയുടെ സ്വഭാവമാണ്.

അല്ലാഹുവിന്റെ റസൂൽ(ﷺ) ഒരിക്കൽ സ്വഹാബികളോട് പറഞ്ഞു: ‘നിങ്ങൾ അന്യരുടെ ദൂഷ്യങ്ങളെടുത്ത് പറയരുത്.’ അവർ ചോദിച്ചു: ‘ഞങ്ങൾ പറയുന്നത് ഒരാളിൽ ഉള്ള കാര്യമാണെങ്കിലോ,റസൂലേ? അ ത് പറയുന്നത് ഗീബത്താകുമൊ?’ നബി(ﷺ) പറഞ്ഞു: ‘ഒരാളിൽ ഉള്ള പോരായ്മകൾ പറയലാണ് ഗീബത്ത് അഥവാ പരദൂഷണം. അവനിൽ ഇല്ലാത്തതാണ് പറയുന്നതെങ്കിൽ അവന്റെ പേരിൽ കളവ് ആരോപി ക്കലാണ്.’ രണ്ടായാലും ശരി,

അവ പാപമാണെന്ന് പഠിപ്പിക്കുകയായി രുന്നു നബി തിരുമേനി(ﷺ).

സഹോദരിമാരേ, പരദൂഷണം കൊണ്ട് എന്തെല്ലാം വിപത്തുകളാ ണ് വ്യക്തികൾക്കിടയിൽ ഉടലെടുക്കുന്നത്? കുടുംബാംഗങ്ങൾക്കിട യിൽ, സൃഹൃത്തുക്കൾക്കിടയിൽ, അയൽവാസികൾക്കിടയിൽ പക യും പരനിന്ദയുമുണ്ടാക്കുന്നത് ഈ ദുഷിച്ച സ്വഭാവമാണ്. പരദൂഷ ണം കൊണ്ട് ദുനിയാവിൽ എന്തെങ്കിലും നേട്ടം കൊയ്ത ഒരാളുമില്ലെ ന്നതാണ് നേര്. ഈ വസ്തുത അറിയുന്നവരാണെങ്കിലും നമ്മളിലധി കം പേരും ഈ രംഗത്ത് സജീവരാണ്. അല്ലാഹുവും അവന്റെ റസൂ ലും വിലക്കിയ ഗീബത്തെന്ന പ്രവണത യഥാർത്ഥ ദൈവഭക്തി കൊ ണ്ടേ നമുക്ക് നിയന്ത്രിച്ചു നിർത്താനാകൂ.

ഗീബത്തിന് ചെറുപ്പ വലിപ്പമില്ല. വിശ്വാസികളുടെ പ്രിയപ്പെട്ട മാതാ വ് ആയിഷ(﵂)യുടെ ജീവിതത്തിലുണ്ടായ ഒരു സംഭവം പറയട്ടെ. പ്ര വാചകന്റെ അടുത്തുവെച്ച് അവരൊരിക്കൽ തിരുമേനിയുടെ മറ്റൊരു ഭാര്യയായ സ്വഫിയ്യ(﵂)യെപ്പറ്റി, 'ആ കുള്ളിപ്പെണ്ണല്ലെ' എന്ന് പറയുക യുണ്ടായി.സ്വഫിയ്യ(﵂)ന്റെ അഭാവത്തിൽ അവരെപ്പറ്റി ആയിഷ(﵂) പ റഞ്ഞ ഈ ദൂഷണം നബി(ﷺ)യിൽ വേദനയുണ്ടാക്കി. അദ്ദേഹം പറ ഞ്ഞു: ''ആയിഷാ, ഇത് വല്ലാത്തൊരു വാക്കാണ്. കടലിൽ കലക്കിയാ ൽ അതിലെ ജലം മുഴുവൻ വിഷമയമാക്കുന്ന കടുത്ത വാക്ക്!'' ഈ സംഭവത്തെ മുന്നിൽ വെച്ച് ഒരിക്കൽ കൂടി പറയട്ടെ;സഹോദരിമാരേ, ഗീബത്തിന് ചെറുപ്പ വലിപ്പമില്ല!

കൂട്ടുകാരികളോടൊത്ത് വർത്തമാനത്തിനിരിക്കുമ്പോൾ, അവരുമാ യി പലപ്പോഴും ഫോണിലൂടെ സംസാരിക്കുമ്പോൾ അന്യരെപ്പറ്റി ദൂഷ ണം പറയാൻ നാവ് ചൊറിഞ്ഞു വരും. പിശാചതിന് ആക്കം കൂട്ടും. പിന്നെ,ലക്കും ലഗാനുമില്ലാതെ,സ്വന്തം ഉടപ്പിറപ്പുകളെക്കുറിച്ച് പലതും പറഞ്ഞു കൂട്ടും. സഹോദരീ, സംസാരത്തിനൊടുവിൽ, ''ഞാൻ ഗീബ ത്ത് പറയ്യ്യല്ലാട്ടൊ''എന്ന് ജാമ്യമെടുത്താൽ അല്ലാഹുവിങ്കൽ അത് മാ പ്പിന് സ്വീകാര്യമായിത്തീരില്ല.

പരദൂഷണം പറയുന്നതു പോലെത്തന്നെ പാപമാണ്, അത് കേൾ ക്കാനിരിക്കുന്നതും. '**നുണപ്രിയ**'രായ എത്രപേരാണ് നമ്മിലുള്ളതെ ന്നൊ! ആരാന്റെ പച്ചമാംസം എത്ര രുചിയോടെയാണ് അവർ ഭക്ഷി ക്കുക! പരദൂഷണം പറയുന്നവർക്ക് എരിവുപകർന്ന്,സംഭാഷണത്തെ ശ്രവണരസമാക്കുന്ന ചില സഹോദരിമാരുണ്ട്. പറയുന്നവർക്കല്ലേ കു റ്റം, കേട്ട എനിക്കെന്ത് കുറ്റം? എന്ന ചിന്തയാണ് അവർക്ക്. സത്യത്തി ൽ, ഗീബത്ത് പറഞ്ഞവളും അത് ആവേശത്തോടെ കേട്ടവളും പാപ ത്തിൽ തുല്യരാണ്. സഹോദരിമാരേ, അല്ലാഹുവിന്റെ കോപത്തിനിര യാക്കുന്ന ഈ പണി വേണൊ നമുക്ക്?

وصلى الله وسلم على خير خلقه نبينا محمد وآله وصحبه أجمعين

والحمد لله ربّ العالمين

************